**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1091** **29-08-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | **ആലപ്പുഴ ജില്ലയിലെ കിഫ്ബി പ്രവൃത്തികൾക്ക് വേണ്ടിയുള്ള പ്രത്യേക പ്രോജക്ട് ഇമ്പ്ലിമെന്റേഷൻ യൂണിറ്റ് മുഖേനയാണ് കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ഘടകങ്ങളായ ഉന്നതതല ജലസംഭരണികൾക്ക് വേണ്ടി പഞ്ചായത്ത് കൈമാറേണ്ടതായ സ്ഥലങ്ങൾ ലഭ്യമാക്കുന്നത് ത്വരിതപ്പെടുത്തുന്നതിനായി 18/06/2022 ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്തുകളുടെ യോഗം കൂടുകയും, സ്ഥലം അടിയന്തിരമായി കൈമാറാൻ ജില്ലാ കളക്ടർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പരമാവധി സ്ഥലം കുറച്ച് പുതുക്കിയ ഡിസൈൻ തയ്യാറാക്കുകയും, അംഗീകാരത്തിനായി വാപ്കോസിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഉടൻ തന്നെ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി നിയമസഭാ സാമാജികരും, ജില്ലാ കളക്ടറും , കിഫ്ബി ഉദ്യോഗസ്ഥരും, കേരള വാട്ടർ അതോറിറ്റി ഉന്നതതല ഉദ്യോഗസ്ഥരും സംയുക്ത യോഗങ്ങൾ നിരന്തരം ചേരുന്നുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിവിധ ഘട്ടങ്ങളെ ഉൾപ്പെടുത്തി ഒറ്റ ടെണ്ടറായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | **പ്രസ്തുത പദ്ധതിയുടെ വിവിധ ഘട്ടങ്ങളെ ഉൾപ്പെടുത്തി ഒറ്റ ടെണ്ടറായി നടപ്പാക്കുന്നതിനായി 01.08.2022 ൽ കൂടിയ കിഫ്ബി റിവ്യൂ മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്.** |
| (സി) | പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | (സി) | **ആറു പാക്കേജുകളിലായി വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതി ഇപ്പോൾ ഒറ്റ വർക്കായി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി സമയ ബന്ധിതമായി തീർക്കുന്നതിനായി എക്സിക്യൂട്ടീവ് എൻജിനീയറുടെ നേതൃത്വത്തിൽ** |

| | | | |
|---|---|---|---|
| | | | **പ്രത്യേക ഡിവിഷൻ രൂപീകരിച്ച് അനുബന്ധ പ്രവൃത്തികൾ നടത്തി വരുന്നു.** |
| (ഡി) | പ്രസ്തുത പദ്ധതിയിൽ ഓവർഹെഡ് ടാങ്കുകൾ ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ? | (ഡി) | **പ്രസ്തുത പദ്ധതിയിൽ ഉന്നതതല ജലസംഭരണികൾ ഉൾപ്പെടെയുള്ളവയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാകുന്നതിനായി തഹസിൽദാർ, കിഫ്ബി, കായംകുളത്തിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി നിയമിച്ച് സ്ഥലം ഏറ്റെടുക്കൽ തുടർ പ്രവർത്തികൾ നടന്നുവരുന്നു. ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി പഞ്ചായത്തുകൾ കൈമാറേണ്ടതായ സ്ഥലങ്ങൾ ലഭ്യമാകുന്നത് ത്വരിതപ്പെടുത്തുന്നതിനായി 18.06.2022 ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും സ്ഥലം അടിയന്തിരമായി കൈമാറാൻ ജില്ലാ കളക്ടർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി കുട്ടനാട് എം.എൽ.എയും, ജില്ലാ കളക്ടറും, കിഫ്ബി ഉദ്യോഗസ്ഥരും, കേരള വാട്ടർ അതോറിറ്റി ഉന്നതതല ഉദ്യോഗസ്ഥരും സംയുക്ത യോഗങ്ങൾ ചേരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ